ആദിവാസി പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് പദ്ധതി

28 (*57) പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. പി. എസ്. സുപാൽ :
ശ്രീ. ജോസ് ബേബി :
ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക - പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസികളുടെ പാർപ്പിടപ്രശ്നം പരിഹരിക്കുന്നതിന് എന്തെങ്കിലും പദ്ധതിയുണ്ടോ :

(ബി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വിശദമാക്കുമോ ;

(സി) ആദിവാസികളുടെ ആരോഗ്യ സംരക്ഷണത്തിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കി വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

പിന്നോക്ക - പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) ഭവനരഹിതരായ എല്ലാ പട്ടികവർഗ്ഗകുടുംബങ്ങൾക്കും ഭവനം നിർമ്മിച്ചു നൽകുന്നതിന് സംസ്ഥാന ഗവൺമെന്റ് സുവർണ്ണ ജൂബിലി മൈത്രി ഭവന നിർമ്മാണ പദ്ധതി നടപ്പാക്കി വരുന്നു. ഇതുകൂടാതെ ത്രിതല പഞ്ചായത്തുകൾ ഭവനനിർമ്മാണത്തിനാണ് ഞങ്ങളുടെ പദ്ധതികളിൽ മുൻതൂക്കം നൽകിവരുന്നത്.

(സി) പട്ടികവർഗ്ഗക്കാരുടെ ആരോഗ്യ സംരക്ഷണത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും ആരോഗ്യവകുപ്പിന്റെയും കീഴിൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, അലോപ്പതി ഡിസ്പെൻസറി, ആയുർവേദ ഡിസ്പെൻസറികൾ, ആയുർവേദ ആശുപത്രി, ഹെൽത്ത് പ്രോജക്ടുകൾ എന്നിവ പ്രവർത്തിച്ചു വരുന്നു. എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഹെൽത്ത് കാർഡ് നൽകുന്നതിനുള്ള ഒരു പദ്ധതിയും നടപ്പാക്കിവരുന്നു. ഇത് കൂടാതെ സങ്കേതങ്ങൾ ഹെൽത്ത് വോളണ്ടിയർമാരെ നിയമിച്ചിട്ടുണ്ട്.

നിർമ്മാണത്തിലിരിക്കുന്ന വൈദ്യുത പദ്ധതികൾ

29 (*59) ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. എം. വി. ജയരാജൻ :
ശ്രീ. എ. കണാരൻ :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർമ്മാണത്തിലിരിക്കുന്ന വൈദ്യുത പദ്ധതികൾ സമയ ബന്ധിതമായി പൂർത്തീകരിക്കുവാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏതെല്ലാം വൈദ്യുത പദ്ധതികളുടെ പണിയാണ് ഇനിയും പൂർത്തികരിക്കു വാനുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൂർത്തീകരിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത പദ്ധതികളിൽ നിന്നും എത്ര മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട് ;

(ഇ) ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന പദ്ധതികൾ എന്ന് ആരംഭിച്ചുവെന്നും അവ ഓരോന്നും എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) പദ്ധതികളുടെ പുരോഗതി വിലയിരുത്തുകയും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് വേണ്ട നിർദ്ദേശം യഥാസമയം നൽകുകയും ചെയ്യുന്നു. ഓരോ പദ്ധതികളുടെയും നിർമ്മാണപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാനും പുരോഗതി അവലോകനം ചെയ്യുവാനും വേണ്ടി പ്രോജക്ട് മാനേജർമാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ സമയാസമയങ്ങളിൽ പ്രത്യേകം മോണിറ്ററിംഗ് കമ്മിറ്റി പദ്ധതി അവലോകനം ചെയ്യുന്നുണ്ട്. പദ്ധതി നടത്തിപ്പിലുണ്ടാകുന്ന കാലതാസം ഒഴിവാക്കുന്നതിനും പദ്ധതി നടത്തിപ്പിലെ ബുദ്ധിമുട്ടുകൾ ചർച്ച ചെയ്ത് അപ്പപ്പോൾ തീരുമാനങ്ങൾ എടുക്കുകയും ചെയ്യുന്നുണ്ട്. ഓരോ ജോലിക്കും കൃത്യമായ സമയപരിധി നിശ്ചയിച്ച് നിർദ്ദിഷ്ട ഓഫീസർമാർക്ക് ചുമതല നൽകുകയും ചെയ്തുവരുന്നുണ്ട്. കൂടാതെ പോപ്പുലർ കമ്മിറ്റി രൂപീകരിച്ച് പ്രസ്തുത കമ്മിറ്റിയുടെ സഹായവും പ്രയോജനപ്പെടുത്തി വരുന്നു.

(ബി) ഇനിയും പൂർത്തിയാക്കാനുള്ള പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

1. മലങ്കര ചെറുകിട ജലവൈദ്യുത പദ്ധതി.
2. വഴിക്കടവ് ഡൈവെർഷൻ.
3. കുറ്റ്യാടി ഡൈവെർഷൻ.
4. അഴുത ഡൈവെർഷൻ.
5. കുറ്റ്യാടി ഓഗ്മെന്റേഷൻ.
6. കുറ്റ്യാടി എക്സ്റ്റൻഷൻ.
7. കുറ്റ്യാടി ടെയിൽറേജ്.
8. ചൈനീസ് സഹായത്തോടെയുള്ള നാല് പൈലറ്റ് പദ്ധതികൾ

സ്വകാര്യ പങ്കാളിത്തത്തോടെയുള്ള പദ്ധതികൾ

1. കുത്തുങ്കൽ — മെസ്സേഴ്സ് ഇൻഡ്യൽ ഇലക്ട്രോ മെറ്റൽസ് ലിമിറ്റഡ്

LIBRARY ARCHIVES Kerala Legislative Assembly

2.	ഭൂതത്താൻ കെട്ട്	മെസ്സേഴ്സ് സിലിക്കൺ മെറ്റലർജിക്കൽ ലിമിറ്റഡ്
3.	ഉള്ളുങ്കൽ	ടെയിൽ കെമിക്കൽ ആന്റ് ഹൈഡ്രോ പവർ ലിമിറ്റഡ്.
4.	കരിക്കയം	ടെയിൽ കെമിക്കൽ ആന്റ് ഹൈഡ്രോ പവർ ലിമിറ്റഡ്.

താപനിലയങ്ങൾ

1.	കാസർകോട് പവർ കോർപ്പറേഷൻ	20 മെ. വാ.
2.	ഡി.സി.പവർ ലിമിറ്റഡ്, കാസർഗോഡ്	107 "
3.	ബി.എസ്.ഇ.എസ്. കൊച്ചി (രണ്ടാം ഘട്ടം)	116.5 "

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പേപ്പാറ, ലോവർ പെരിയാർ, മാട്ടുപ്പെട്ടി, പെരിങ്ങൽകുത്ത്, ഇടതുകര വികസന പദ്ധതി, കക്കാട്, മലമ്പുഴ എന്നീ ജലവൈദ്യുത പദ്ധതികൾ പൂർത്തീകരിച്ചു. കൂടാതെ ബ്രഹ്മപുരം, കോഴിക്കോട് എന്നിവിടങ്ങളിലെ താപനിലയങ്ങളുടെ പണിയും പൂർത്തിയാക്കി. കൂടാതെ കായംകുളം എൻ.ടി.പി.സി. തെർമൽ പദ്ധതിയും ബി.എസ്.ഇ.എസ്. രണ്ടാംഘട്ടം താപനിലയം പൂർത്തിയാക്കി.

(ഡി) ഉൽപാദിപ്പിക്കുന്ന വൈദ്യുതിയുടെ വിവരം ചുവടെ ചേർക്കുന്നു.

പേപ്പാറ	3 മെ. വാ.
ലോവർ പെരിയാർ	180 "
മാട്ടുപ്പെട്ടി	2 "
പെരിങ്ങൽകുത്ത് ഇടതുകര	16 "
കക്കാട്	50 "
മലമ്പുഴ	2.5 "
ബ്രഹ്മപുരം താപനിലയം	106.6 "
കോഴിക്കോട് ഡീസൽ നിലയം	128 "
കായംകുളം എൻ.ടി.പി.സി. താപനിലയം	350 "
ബി.എസ്.ഇ.എസ്. ഒന്നാംഘട്ടം	40.5 "

(ഇ) വിശദവിവരം ചുവടെ ചേർക്കുന്നു.

	പദ്ധതി	ആരംഭിച്ച തീയതി	ഉൽപാദനം പ്രതീക്ഷിക്കുന്ന തീയതി
1.	മലങ്കര	10-11-1999	3/2001
2.	വഴിക്കടവ് ഡൈവേർഷൻ	29-10-1993	12/2000

LIBRARY ARCHIVES Kerala Legislative Assembly

3.	അഴുത ഡൈവേർഷൻ 12/1988	7/6/1997-ൽ വെള്ളം ഡൈവർട്ട് ചെയ്തു. ബാക്കി ജോലികൾ പുരോഗമിക്കുന്നു.
4.	കുറ്റിയാർ ഡൈവെർഷൻ 1990 ൽ	9/1995-ൽ പണി നിർത്തിവച്ചു. ഇത് സംബന്ധിച്ച കേസ് ഇപ്പോൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണ്.
5.	കുറ്റ്യാടി ആഗ്മെന്റേഷൻ 1981-ൽ	കോൺട്രാക്ടറുമായുള്ള തർക്കം സംബന്ധിച്ച ഒരു കേസ് സുപ്രീം കോടതിയുടെ പരിഗണനയിലാണ്.
6.	കുറ്റ്യാടി എക്സ്റ്റൻഷൻ 1997-ൽ	2000 ഒക്ടോബർ
7.	കുറ്റ്യാടി ടെയിൽറേസ് 1990-ൽ	2001-ൽ
8.	കുത്തുങ്കൽ 12/1994	2000 ജൂലൈ
9.	ഭൂതത്താൻകെട്ട് 12/1994	പണികൾ തൽക്കാലം നിർത്തിവച്ചിരിക്കുന്നു.
10.	ഉള്ളുങ്കൽ 12/1994	പണികൾ നിർത്തിവച്ചിരിക്കുന്നു.
11.	കാരിക്കയം 12/1994	പണികൾ നിർത്തിവച്ചിരിക്കുന്നു.
12.	സി.എസ്.ഇ.എസ്. (രണ്ടാംഘട്ടം)1998	2000-ൽ
13.	കാസർഗോഡ് പവർ കോർപ്പറേഷൻ 1999	2001-ൽ
14.	കാസർഗോഡ് ഡി.ബി.(ലി.) പ്രോജക്ട് 1999	2001-ൽ
15.	ചൈനീസ് സഹായത്തോടെയുള്ള നാല് പൈലറ്റ് പദ്ധതികൾ 2000	2001-2002.

സെൻട്രൽ വാട്ടർ കമ്മീഷന്റെ അനുമതി ആവശ്യമായ ജലസേചന പദ്ധതികൾ

30 (*60) ശ്രീ. ടി. എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലസേചനപദ്ധതികൾ ആരംഭിക്കുന്നതിന് സെൻട്രൽ വാട്ടർ കമ്മീഷന്റെ അനുവാദം ആവശ്യമാണോ ;

(ബി) 17-11-1997-ലെ പ്ലാനിംഗ് കമ്മീഷന്റെ നിർദ്ദേശം ഉണ്ടാകുന്നതിന് മുമ്പ് വൻകിട-ചെറുകിട ജലസേചനപദ്ധതികൾക്ക് സെൻട്രൽ വാട്ടർ കമ്മീഷന്റെ അനുവാദം ആവശ്യമായിരുന്നുവോ ;

LIBRARY ARCHIVES Kerala Legislative Assembly